**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 795

10.06.2019 ലെ മറുപടിയ്ക്ക്.

## ഗോത്രവാത്സല്യനിധി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാജൻ** | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ; | (എ) | വാത്സല്യനിധി, ഗോത്രവാത്സല്യനിധി പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തി വരുന്നുണ്ട്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള കുടുംബങ്ങളിലെ 01.04.17 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC of India യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ 4 തവണ വ്യവസ്ഥ അനുസരിച്ച് താഴെ പറയും പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. 01.04.17 ന ശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരി ക്കാത്തത് (0-9) | ആദ്യ ഗഡു 39,000 |
| 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36,000 |
| 10 വയസ്സ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 33,000 |
| 15 വയസ്സ് പൂർത്തിയായതും 10-ാം തരം പ്രവേശനം നേടിയതും | 30000 |

<table>
<tr>
<td></td>
<td></td>
<td></td>
<td>പട്ടികജാതി വിഭാഗത്തിലെ ഇതുവരെയുള്ള 2832 കുട്ടികളെ പദ്ധതിയിൽ ചേർത്തിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ഗോത്രവാത്സല്യനിധി പദ്ധതിയിൽ 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1076 പട്ടികവർഗ്ഗ പെൺകുട്ടികളെ LIC മുഖേന ഇൻഷ്വർ ചെയ്തിട്ടുണ്ട്.<br>ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ആദ്യഗഡുവായി 39000/- രൂപയും പെൺകുട്ടിയ്ക്ക് 5 വയസ് പൂർത്തിയാകുമ്പോൾ 2-ാം ഗഡുവായി 36000/- രൂപയും പെൺകുട്ടിക്ക് 10 വയസ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിപ്പിക്കുമ്പോൾ 3-ാം ഗഡുവായി 33,000/- രൂപയും പെൺകുട്ടിക്ക് 15 വയസ് പൂർത്തിയാകുമ്പോൾ 4-ാം ഗഡുവായി 30000/- രൂപയും ഉൾപ്പെടെ 1,38,000/- രൂപ സർക്കാർ വിഹിതമായി LIC യ്ക്ക് അടയ്ക്കുന്നുണ്ട്.</td>
</tr>
<tr>
<td>(ബി)</td>
<td>ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?</td>
<td>(ബി)</td>
<td>വാൽസല്യനിധി പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ നൽകുന്നു.
<table>
<tr><td colspan="3">ആകസ്മിക മരണത്തിന്</td></tr>
<tr><td>വരുമാന ദായകൻ</td><td>സാധാരണ മരണം</td><td>2,00,000/-</td></tr>
<tr><td></td><td>അപകട മരണം</td><td>4,00,000/-</td></tr>
<tr><td></td><td>അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം</td><td>1,00,000/-</td></tr>
<tr><td></td><td>അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം</td><td>2,00,000/-</td></tr>
<tr><td>മറ്റ് രക്ഷകർത്താവ്</td><td>സാധാരണ മരണം</td><td>30,000/-</td></tr>
<tr><td></td><td>അപകട മരണം</td><td>30,000/-</td></tr>
<tr><td>കുട്ടി</td><td>സാധാരണ മരണം</td><td>3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട്</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| | | കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനു ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിനു ശേഷമാണ് ഇൻഷുറൻസ് കവറേജ്) |

**വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ**

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9,10,11,12 | 1,200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയോ | 9,10,11,12 | 1,200/- രൂപ ഓരോ വർഷവും |

ഗോത്രവാൽസല്യനിധി പദ്ധതി പ്രകാരം ഇൻഷുർ ചെയ്യുന്ന പെൺകുട്ടിയ്ക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000/- രൂപയും 5 വയസ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000/- രൂപയും പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5000/- രൂപയും 10-ാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോൾ 10,000/- രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷുറൻസ് തുക ലംപ്സം ആയി ടി കുട്ടിയ്ക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷുർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

1. അപകട മരണം 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം

| | | | |
|---|---|---|---|
| | | | രൂപ ലഭിക്കുന്നു.<br>ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു.<br>1. അപകടം മൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.<br>2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ ഒരു ലക്ഷം രൂപ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ